Talented Bankers Literary Panel
പുസ്തക പരിചയം 284.

കെടിഎൻ കോട്ടൂർ എഴുത്തും ജീവിതവും",
ടി പി രാജീവൻ.

പുസ്തകം പരിചയപ്പെടുത്തുന്നത്,
ഉണ്ണികൃഷ്ണൻ ഐ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
ആർബിഒ 2, തൃശൂർ.

ശ്രീ ടി പി രാജീവൻ അന്തരിച്ചപ്പോൾ ഒരു സുഹൃത്ത് എഴുതിയ ഒരു കുറിപ്പാണ് എന്നെ ഈ നോവലിലേക്ക് എത്തിച്ചത്. അല്ലായിരുന്നെങ്കിൽ ആ കുറിപ്പിൽ അദ്ദേഹം എഴുതിയത് പോലെ മലയാളത്തിലെ മികച്ച നോവലുകളിൽ ഒന്ന് ഞാൻ വായിക്കാതെ പോകുമായിരുന്നു.

പാലേരി മാണിക്യം ഒരു പാതിരാകൊലപാതകത്തിന്റെ കഥ എന്ന നോവൽ മാത്രമേ രാജീവിന്റേതായി ഞാൻ വായിച്ചിട്ടുള്ളൂ. സിനിമ കണ്ട ശേഷമാണ് ആ നോവൽ വായിച്ചത്. സിനിമയാണോ നോവലാണോ മെച്ചമെന്ന് ചോദിച്ചാൽ രണ്ടും ഒന്നിനൊന്നു മെച്ചമെന്നേ പറയാൻ കഴിയൂ. പക്ഷേ എന്നിട്ടും എന്തുകൊണ്ടോ 2014ലെ കേരള സാഹിത്യ അക്കാദമി അവാർഡ് കിട്ടിയ "കെടിഎൻ കോട്ടൂർ എഴുത്തും ജീവിതവും" എന്ന നോവൽ എന്റെ ശ്രദ്ധയിൽ പെടാതെ പോയി.

ഒട്ടും ശ്രദ്ധ കിട്ടാത്ത ഒരു നോവലായിരുന്നു "കെ ടി എം കോട്ടൂർ എഴുത്തും ജീവിതവും" (എന്റെ സ്വന്തം അഭിപ്രായം). അദ്ദേഹം ഈ നോവലിന് കൊടുത്ത പേരാണ് കുറെയൊക്കെ അതിന് കാരണമെന്ന് തോന്നുന്നു. ഒരു പഞ്ചില്ലാത്ത പേര്.

1920 മുതൽ 1947 വരെ മലബാറിൽ നടന്ന ദേശീയ പ്രസ്ഥാനത്തിന്റെയും കോൺഗ്രസിന്റെയും കമ്മ്യൂണിസ്റ്റിന്റെയും ആദ്യകാല പ്രവർത്തന ചരിത്രം, സ്വാതന്ത്ര്യസമര വാർത്തകൾ എന്നിവയാണ് പ്രധാന വിഷയവും പശ്ചാത്തലവും.

മലബാറിൽ ഒരു മഹാപ്രസ്ഥാനത്തിന്റെ അലയടികൾ ഉയർത്തിയ ചരിത്രമാണ് ഈ നോവൽ. കേരളത്തിന്റെ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിന്റെ എപ്പിക്ക് ക്യാൻവാസ് ആണ് വിടരുന്നത് എന്ന് കവർ ചിത്രത്തിൽ എഴുതിയിരിക്കുന്നു.

മാജിക്കൽ ഹിസ്റ്ററി എന്ന് വിശേഷിപ്പിക്കാവുന്ന രീതിയിൽ ആണ് നോവൽ. അതായത് നോവൽ കാലഘട്ടത്തിൽ ജീവിച്ചിരുന്ന കൃഷ്ണപിള്ള, കേളപ്പൻ,എകെജി, ഇഎംഎസ് തുടങ്ങിയവർ കഥാപാത്രങ്ങളായി വരുന്ന നോവലിൽ കെടിഎൻ കോട്ടൂർ എന്ന എഴുത്തുകാരനും സാമൂഹിക പ്രവർത്തകനും കമ്മ്യൂണിസ്റ്റ്കാരനുമായ ഒരാൾ കഥാപാത്രമായി വരുന്നു.

ആദ്യം ഗാന്ധിജിയെ ചോദ്യം ചെയ്തുകൊണ്ട് കോൺഗ്രസ്സിലെ സോഷ്യലിസ്റ്റ് ചിന്താഗതിക്കൊപ്പം ചേർന്ന്, ഒടുവിൽ ക്വിറ്റ് ഇന്ത്യ സമരത്തിൽ പാർട്ടിയുടെ പങ്കിനെ ചോദ്യം ചെയ്തുകൊണ്ടും വ്യക്തിജീവിതത്തിൽ സുതാര്യത വരുത്താത്തതിനാലും പാർട്ടിയിൽ നിന്നും അകന്ന്, അലഞ്ഞു നടന്നൊരു സാമൂഹ്യപ്രവർത്തകന്റെ കഥ.

അത്തരത്തിൽ നോക്കുമ്പോൾ അദ്ദേഹം ഒരു കഥാപാത്രമാണോ അതോ ആ നാളുകളിൽ ജീവിച്ചിരിക്കുന്ന ഒരാളായിരുന്നോ എന്ന് ശരിക്കും നമുക്ക് സംശയം തോന്നാവുന്ന വിധത്തിൽ ആണ് ആഖ്യാനം.

എഴുത്തുകാരനും കവിയുമായ നായകൻ എഴുതിയെന്നു പറയപ്പെടുന്ന കവിതകളിലെ വരികളും ആത്മകഥയിലെയും ലേഖനങ്ങളിലെയും, അദ്ദേഹത്തിന്റെ ജീവചരിത്രത്തിലെയും ഭാഗങ്ങൾ ഒരുപാട് ഇടങ്ങളിൽ കൊടുത്തു പോകുന്നുണ്ട്. ഭാഷ, സമൂഹം, സ്വാതന്ത്ര്യം തുടങ്ങി എഴുത്തുകാരന്റെ ജീവിതവീക്ഷണങ്ങളും അഭിപ്രായങ്ങളും കുറേ ചരിത്രങ്ങളും ഈ ചെറുകുറിപ്പുകളിലൂടെ നമുക്ക് വായിച്ചുപോകാം..

മാതൃഭൂമി ബുക്ക് സ്റ്റാളിൽ നിന്നും അടുത്തിടെ ഞാൻ വാങ്ങിയ ഈ പുസ്തകം നാല് വർഷം മുമ്പ് ഇറങ്ങിയ പതിപ്പാണ്. മലബാറിലെ സ്വാതന്ത്ര്യപ്രസ്ഥാനങ്ങളുടെ ചരിത്രം പറയുന്ന ഈ പുസ്തകം ഇതിലും കൂടുതൽ വായനയും പഠനവും അർഹിക്കുന്നുണ്ട്. അദ്ദേഹം നോവലിൽ ഒരിടത്ത് പറയുന്നത് പോലെ

"ചിലർ ജീവിച്ചിരിക്കുമ്പോൾ തന്നെ വിസ്മൃതിയിലേക്ക് തള്ളപ്പെടുന്നു. ചിലർ മരണ ശേഷവും"

കറന്റ് ബുക്ക്
വില 295